بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 19/02/2016

**(09 JAMADUL AWWAL 1437 HIJRI)**

## Hazrat Khalifathullah Munir Ahmad Azim (A)

## “AN UNSECURE FUTURE ” / സുരക്ഷിതമല്ലാത്ത ഒരു ഭാവി

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം സുരക്ഷിതമല്ലാത്ത ഭാവി എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള പ്രഭാഷണം ആരംഭിച്ചു.

**സുരക്ഷിതമല്ലാത്ത ഒരു ഭാവി :–**

മനുഷ്യന്റെ ഭാവി, നമ്മുടെ ഭാവി നമ്മുടെ സൃഷ്ടാവിലാണ് കുടികൊള്ളുന്നത്. അവനും നമ്മളും തമ്മിലുള്ള സംശുദ്ധമായ ബന്ധത്തിലൂടെയാണത് നിലകൊള്ളുന്നത്. ഈ ക്ഷണികഭൂമിയിൽ നമ്മുടെ നിലനിൽപ്പ് തുടങ്ങുന്നതിന് വളരെ മുൻപ് ആരംഭിച്ചതാണത്. എന്തുകൊണ്ടാണ് ഇപ്പോൾ ഈ അകലം ഉണ്ടായത് ? ഇപ്പോൾ നാം ഈ ഭൂമിയിൽ നിലനിൽക്കുന്നു. ഇന്ന് സമൂഹം അനിയന്ത്രിതമായ സ്വാതന്ത്ര്യത്തിലൂടെ അനുഭവിക്കുന്ന ആനന്ദശ്രമവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. നാം സ്വാതന്ത്ര്യത്തിനായി വാദിക്കുന്നു. എന്നാൽ എന്തിൽ നിന്നാണ് സ്വാതന്ത്ര്യം വേണ്ടത് ? നമ്മുടെ സൃഷ്ടാവുമായി നാം സ്ഥാപിച്ചിരുന്ന ബന്ധത്തിൽ നിന്നും നാം പിൻവലിഞ്ഞു എന്നത് ദുഃഖകരമായ ഒരു വസ്തുതയാണ്. സ്വാതന്ത്ര്യത്തിന്റെ ആശയത്തിൽ ലോകമെങ്ങും നാം ചെയ്തുകൊണ്ടരിക്കുന്നത് ഇതാണ്. ആത്മാവിന്റെ മഹത്വത്തിന് പോറലേൽപ്പിക്കുന്ന പ്രവർത്തികൾ നാം തുടർന്നുകൊണ്ടിരിക്കുന്നു. ഹൃദയത്തിന്റെ മഹാമനസ്കതയിൽ നിന്നും നാം മുക്തരായിരിക്കുന്നു. അതുമൂലം നമ്മുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും പിൻമാറി, അനിയന്ത്രിതമായ സന്തോഷം തേടിയുള്ള യാത്രയിലായി. ഇത്തരത്തിലുള്ള സ്വാതന്ത്ര്യത്തിലേക്ക് പ്രത്യേകിച്ച് മുസ്ലീം ലോകവും, പൊതുവിൽ ലോകവും യാത്ര തുടർന്നുകൊണ്ടിരിക്കുന്നു. ഭ്രാന്തമായ ആനന്ദലഹരിക്കായി എവിടെനിന്ന് അവനിത് കരഗതമാകും ? അവൻ അതിരുകൾ വിസ്മരിച്ചുകൊണ്ട്, പരിധികൾ ലംഘിച്ചുകൊണ്ട് മുന്നേറുന്നു.

മനുഷ്യൻ ജനിച്ചത് കഴിവുകളുമായാണ്. അതിന്റെ ഉറവിടങ്ങളും അവനിലുണ്ട്. പരിമിതമായ ഭാവനകളും അവനിൽ നിക്ഷിപ്തമാണ്. അതുകൊണ്ട് തന്നെ അവന്റെ സുഖാന്വേഷണവും പരിമിതപ്പെടുത്തേണ്ടതാണ്. അപ്രകാരം അവൻ ചെയ്യുന്നില്ലെങ്കിൽ അതവനെ ഭയാനകമായ അന്ത്യത്തിലേക്കായിരിക്കും നയിക്കുക. അവന്റെ വഴിയിൽ അനേകം തടസ്സങ്ങൾ അവനെ തേടിയെത്തും. സമൂഹം വികാരവിവശവും പ്രക്ഷുപ്തവുമായിതീരും. ദൗർഭാഗ്യവശാൽ ഇതിൽ നിന്നും ആരും ഒഴുവായിട്ടില്ല. പടിഞ്ഞാറൻ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, മുസ്ലീം ലോകം / പൗരസ്ത്യലോകം ഒരു പരിധിവരെ ഇസ്ലാമിക സംസ്കാരം കാത്തുസൂക്ഷിച്ചിട്ടുണ്ട്, അവരുടെ ധാർമ്മിക മഹത്വം നിലനിർത്തിയിട്ടുണ്ടുമുണ്ട് എന്ന് പറയാതിരിക്കാൻ കഴിയുകയില്ല.

**ഉദാഹരണമായി, കിഴക്കൻ സമൂഹങ്ങളിൽ, വിശിഷ്യാ ഇസ്ലാം മതം സ്വാധീനം ചെലുത്തിയിട്ടുള്ള സ്ഥലങ്ങളിൽ പുരുഷനും സ്ത്രീയും പരസ്പരം ഒരകലം കാത്തുസൂക്ഷിക്കുന്നുണ്ട്, അത്തരം സമൂഹങ്ങളിൽ, സ്ത്രീപുരുഷ ബന്ധം, അവരുടെ പെരുമാറ്റ നിലവാരം, ഒരു പരിധിവരെ നിയന്ത്രണവിധേയമാണ്, ഇലക്ട്രിക്കൽ കേബിളിന്റെ വയർ നെഗറ്റീവും പോസിറ്റീവും രണ്ടായി നിലനിർത്തേണ്ടതാണ്. അവയെ ഒന്നാക്കി നിർത്തിയാൽ എന്ത് സംഭവിക്കുമെന്ന് ആലോചിക്കുക.**

മനുഷ്യരിൽ കുടികൊള്ളുന്ന, പ്രകൃത്യയുള്ള ത്വര, അവന്റെ സേവനത്തിനായി നിയന്ത്രിച്ചു നിർത്തേണ്ടതാണ് എന്ന് ഇസ്‌ലാം വാദിക്കുന്നു. ഇസ്‌ലാം മനുഷ്യനിലെ ഉൾപ്രേരണകൾക്കും ഇച്ഛകൾക്കും

വാതായനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. അപ്രകാരം ചെയ്യുന്നില്ലെങ്കിൽ അത് നാശത്തിന്റെ പര്യായമായി മാറുന്നതാണ്. കാരണം ഇച്ഛകൾ ശാരീരികമായോ, ധാർമ്മികമായോ, ആത്മീയമായോ മനുഷ്യന് ആരോഗ്യം പകരുന്നതല്ല. മൃഗവാസനകൾ, അവനെ അവന്റെ സൃഷ്ടാവിൽ നിന്നും അകറ്റി കളയുന്നു. അങ്ങനെ അവനെ നിയമരഹിത ലോകത്തിലേക്ക് തള്ളിവിടുകയും അവന് വീർപ്പുമുട്ടനുഭവപ്പെടുകയും ചെയ്യുന്നു.

പുരുഷന്മാരിൽ നിന്നും സ്ത്രീകളെ അകത്തി നിർത്തിയിരിക്കുന്ന സമൂഹങ്ങളിൽ സ്ത്രീയുടെ മുഴുവൻ ശരീരത്തിൽ നിന്നുമല്ല സൗന്ദര്യം വശീകരിക്കപ്പെടുന്നത്. ആ സമൂഹങ്ങളിലെ ജനങ്ങൾക്ക് സ്ത്രീകളുടെ സുന്ദരമായ മുഖത്തേക്കുള്ള ഒരു ചെറിയ നോട്ടം മതിയാവുന്നതാണ്. ആ ആനന്ദം സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്ന രാജ്യങ്ങളിലെ സ്ത്രീകളിൽ നിന്നും ഒരിക്കലും ലഭ്യമല്ല. അവർ മുഴുവൻ വസ്ത്രങ്ങളും മാറ്റിയാലും ശരി ! അവർ എത്ര തന്നെ സൗന്ദര്യവതികളായാലുംശരി! കാരണം നിയന്ത്രണവിധേയമായ സമൂഹങ്ങളിൽ (കിഴക്കൻരാജ്യങ്ങളിൽ/ മുസ്ലീംരാജ്യങ്ങളിൽ) ഒരു വീക്ഷണം മതിയാവുന്നതാണ്. (സ്ത്രീകളുടെ മുഴുവൻ ശരീരകഴിവുകളും ദർശിച്ചല്ല) സൗന്ദര്യം ആസ്വദിക്കുന്നതെന്ന് സാരം. തീവ്രവികാരങ്ങളുടെയും ആനന്ദാനുഭൂതിയുടെയും അന്വേഷണം ക്ഷണികങ്ങളാണ്. ആ അത്യാഹ്ളാദം ക്രമേണ വാടികൊഴിയുന്നു. മദ്യലഹരിപോലെ ! മദ്യപന്റെ മദ്യപാനം, ആരംഭത്തിൽ അവന് സൗഖ്യം നൽകുന്നു. പിന്നെ കുറേശ്ശയായി ആനന്ദം കുറഞ്ഞുവരുന്നു, ഒടുവിൽ അവൻ ഒരു അത്യാസക്തനായ ആളായിമാറുന്നു. ഒരുരോഗിയായി മാറുന്നു. ആരംഭത്തിലുണ്ടായ ഈ ആനന്ദഉറവിടം വേദനയുടെ ഉറവിടമായി മാറുന്നു. ആഗോളസമൂഹം ഇന്ന് ഒരു ധാർമ്മികതത്വമായി അംഗീകരിച്ച് ആനന്ദലബ്ധിയുടെ പുറകിലോടുകയാണ്. സ്വാതന്ത്ര്യത്തിന്റെ പേരിൽ, എല്ലാത്തിൽ നിന്നുമുള്ള അവരുടെ മോചനം, എല്ലാം പഴമയായി കാണുന്ന രീതി, അതൊക്കെ അവരുടെ മുമ്പിൽ പഴയകളികളാണ് അങ്ങനെ പടിഞ്ഞാറൻ ശക്തികൾ ആനന്ദത്തിന്റെ പുതിയ ഉറവിടങ്ങൾ സൃഷ്ടിച്ചു, കണ്ടുപിടിച്ചു. അങ്ങനെ ക്രമേണ അവരുടെ ചിന്തകളും സംസ്കാരങ്ങളും ഇസ്ലാമിക സമൂഹത്തിലേക്ക് കടത്തിവിട്ടു. **നമ്മുടെ പ്രിയ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) ഒരിക്കൽ പ്രവചിച്ചു. ജൂതന്മാരെയും ക്രിസ്ത്യാനികളെയും അനുകരിക്കുന്ന ഒരു ദിനം എന്റെ സമുദായത്തിൽ വരുന്നതാണ്. മുസ്ലീംകൾ ഇസ്ലാം ആചരിക്കുന്നതിൽ വിവിധ കക്ഷികളും വിവിധ വിശ്വാസികളുമായി മാറും. മുമ്പ് ഒരിക്കലുമില്ലാത്ത നിലയിൽ അജ്ഞത വ്യാപിക്കും. അതായത് മതകാര്യങ്ങളിലെ അജ്ഞത! പുസ്തക പ്രസിദ്ധീകരണങ്ങൾ വ്യാപകമായിരിക്കും. അനേകം മുസ്ലീങ്ങൾക്ക് നമസ്ക്കരിക്കുന്നതെങ്ങനെയാണെന്ന് അറിയാതെ വരും ! റമദാനിലെ വ്രതാനുഷ്ഠാനം എങ്ങനെയെന്ന് അറിയില്ല! അവർ വിശ്വാസരഹിതരായിരിക്കും! മുസ്ലീം വിശ്വാസികൾ വളരെ കുറവായി തീരും. മുസ്ലീംകളെ അവജ്ഞാപൂർവ്വം വീക്ഷിക്കും. പ്രവാചകൻ (സ) യുടെ കാലത്ത് വിശ്വാസികളുടെ അടുത്ത് കപടവിശ്വാസികൾ വിശ്വാസം മറച്ചുവെച്ചതുപോലെയായിരിക്കും അവരുടെ വിശ്വാസം.**

**ഇന്ന് അമേരിക്ക എവിടെ നിൽക്കുന്നു ?**

ലോകസമുദായങ്ങളെക്കുറിച്ച് ഒരു പഠനം നടത്തിയാൽ വിശിഷ്യാ അമേരിക്കൻ സമുദായത്തെക്കുറിച്ച്, അവർ ഈ ഗോളത്തിലെ വൻശക്തിയാണെന്ന് കുരുതുകയാണല്ലോ ആ രാജ്യം, ചരിത്രത്തിന്റെ ഒരു ദിശയിൽ, അവരുടെ പൗരന്മാർക്ക് ആനന്ദലബ്ധിക്കായുള്ള പുതിയ വഴികൾ തേടുകയായിരുന്നു. എല്ലാ പത്രമാസികകളും അതിനായി പിൻതാങ്ങുകയായിരുന്നു. ഈ പ്രതിഭാസത്തിനായി മനശാസ്ത്രപഠന സ്ഥാപനങ്ങൾ ഗവേഷണങ്ങളിൽ ഏർപ്പെട്ടു. ശാസ്ത്രത്തിന്റെ പേരിൽ, അമേരിക്ക തങ്ങളുടെ ജനതയെ ഉപദേശിച്ചു, തങ്ങളിൽ അടിഞ്ഞുകൂടിയ ഊർജ്ജത്തെ അഴിച്ചുവിട്ട് സ്വാസ്ഥ്യം നേടാൻ. അത് ക്രൂരത പ്രധാന സവിശേഷതയായ ലൈംഗിക വൈകൃതങ്ങളിലേക്കും സ്വവർഗ്ഗരതിയിലേക്കും അവരെ നയിച്ചു. അത് അമേരിക്കൻ ജനതയിൽ പടർന്നു കയറുകയായിരുന്നു. ഈ സന്ദേശമാണ് ഈ പറയപ്പെട്ട ആധുനിക രാഷ്ട്രം സമ്മാനിച്ചത്. ശരീരത്തിന്റെയും ആത്മാവിന്റെയും ഇഷ്ടം സാധിച്ച് സന്തോഷിക്കുക. അവരുടെ മുൻപിൽ ഒരു നിരോധനവും ഇല്ലായിരുന്നു. ഈ സ്വാതന്ത്ര്യം പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാൻ ഒരു തടസ്സവുമില്ലായിരുന്നു. അമേരിക്കക്കാർ സ്വീകരിച്ച ഈ വഴി ഭയാനകമായ അന്ത്യത്തിലേക്കാണ് അവരെ നയിച്ചത് ! അക്കാര്യത്തിൽ അവർ ബോധവാന്മാരായിരുന്നു. ഈ രാഷ്ട്രത്തിന് ഒരു തരം ഭ്രാന്ത് ബാധിച്ചു. അവിടെ ഹിപ്പികളും അക്രമികളും ജന്മമെടുത്തു. മയക്കുമരുന്നിന്റെ അടിമകൾ അസാധാരണ നിലയിൽ വർധിച്ചു. അമേരിക്ക

മയക്കുമരുന്ന് ആസക്തരുടെ രാജ്യമായി മാറി. ഇവയ്ക്കെതിരിൽ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ശ്രമിച്ചു. എന്നാൽ ഗവൺമെന്റ് ഈ ഉദ്യമത്തിൽ പരാജയപ്പെട്ടു. മയക്കുമരുന്ന് ഉപഭോക്താക്കൾ വിജയിച്ചു.

**അമേരിക്കൻ സമൂഹം ഇന്ന് നിസ്സഹായകരായിരിക്കുകയാണ്. മാഫിയസംഘത്തിന്റെ കൈകളിലാണ് കാര്യങ്ങൾ. കുറ്റം ചെയ്യുക എന്നത് ഇന്ന് അമേരിക്കയിൽ ഒരു സാധാരണ സംഭവമാണ്. കൊലസർവ്വസാധാരണമാണ്. കുറ്റം ചെയ്യാത്ത ഒരു മിനിറ്റുപോലും അമേരിക്കയിൽ കടന്നു പോകുന്നില്ല. ഒരാൾ കൊല്ലണമെന്ന് ഉദ്ദേശിക്കുന്നു. അയാൾ കൊല്ലുന്നു. വിശപ്പടക്കുവാനുള്ള ആഹാരത്തിനുവേണ്ടിയല്ല. കൊലയാളിക്ക് സന്തോഷം ലഭിക്കുന്നു; അതുകൊണ്ട് കൊല്ലുന്നു. സ്വാതന്ത്ര്യത്തിന്റെ പേരിൽ, അമേരിക്കക്കാർ സ്വയം ബന്ധിതരാണ്, അതിൽ നിന്ന് അവർ ഒരിക്കലും മോചിതരല്ല. ഈ ഭ്രാന്തമായ അവസ്ഥയിൽ നിന്നും മോചിതരാകാത്തടത്തോളം കാലം, അവർ സമ്പൂർണ്ണ നാശത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ദൈവവുമായുള്ള അവരുടെ ബന്ധം അവർ മറന്നു. അവർക്ക് ദൈവത്തെ ആവശ്യമില്ല; ഭൗതികവാദം അവരുടെ വർദ്ധിത സമ്പൂർണ്ണ നാശത്തിലേക്കാണ് അവരെ നയിക്കുന്നത്. ആനന്ദ ലബ്ധിക്കായി എവിടെയാണ് പോകേണ്ടതെന്ന് അവർക്കറിയില്ല. ആനന്ദലബ്ധി അവരുടെ ജീവിതശൈലിയായി മാറിയിരിക്കുന്നു. അവർ കരുതുന്ന ജീവിതസുഖം ഇനി കിട്ടാനില്ല; കിട്ടുന്നതോ തീവ്രമായ കയ്പും മോഹഭംഗവും !**

ലൈംഗികത കടത്തിവിടുന്ന പുതിയരോഗങ്ങളെയാണ് ഇന്ന് അമേരിക്ക നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. രോഗികളായി തീർന്നവരെ എങ്ങനെ സംരക്ഷിക്കാം. **ഈ രോഗങ്ങളുടെയും രോഗികളുടെയും മുമ്പിൽ ഡോക്ടർമാർ നിസ്സഹായകരാണ്. ഹെർപസ്, എയ്ഡ്സ്, കാൻസർ, എച്ച്1 എൻ1, എച്ച്5 എൻ5, സിക്കാ തുടങ്ങിയ മാരകരോഗങ്ങൾ അമേരിക്കയിൽ മറ്റ് രാജ്യങ്ങളെയും വേട്ടയാടുകയാണ്.** രതിജന്യമായ രോഗങ്ങളെ സംബന്ധിച്ചിടത്തോളം, സുഖാനുരാഗത്തിന്റെ പുറകെയുള്ള ഈ യാത്ര, അമേരിക്കൻ ജനതയെ ഭയത്തിന്റെ ഉറവിടത്തിലെത്തിച്ചിരിക്കുകയാണ്. തന്റെ രാജ്യത്തിലുള്ള ഒരാളിന്റെ അടുത്തും താൻ സുരക്ഷിതനല്ല എന്ന തോന്നലിലാണവർ. കാരണം എല്ലാവരും ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ ഞരമ്പ് രോഗികളാണ്! ഈ ക്ഷണിക സുഖാക്രമണം ലോകത്തെ അന്ധകാരത്തിലേക്ക് നയിക്കുകയാണ്. അല്ല, ഞാൻ പറയട്ടെ, ലോകം ഇപ്പോൾ തന്നെ അന്ധകാരത്തിലാണ്. നിസ്സഹായകരും പ്രതീക്ഷയറ്റവരുമായി അവർ ജീവിക്കുന്നു. ഇതിനൊക്കെ എന്താണ് പ്രതിവിധി ? ചുരുക്കിപറയാം. യഥാർത്ഥ സന്തോഷം, നിലനിൽക്കുന്ന സന്തോഷം, യഥാർത്ഥ സംതൃപ്തി, യഥാർത്ഥ സമാധാനം നമ്മിലേക്ക് വരുന്നത്, നമ്മുടെ സൃഷ്ടാവുമായുള്ള നമ്മുടെ ബന്ധത്തിലൂടെയാണ്. നമ്മെ സൃഷ്ടിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യവും ഇതുതന്നെ. മാനവസമൂഹം ഇപ്പോൾ നേരെയല്ലചലിക്കുന്നത്. അവനിലെ ഉൽകൃഷ്ടഫലങ്ങൾ നഷ്ടമായിരിക്കുന്നു. അതുകൊണ്ടാണ് മുഴുലോകത്തെ അന്ധകാരം വേട്ടയാടുന്നത്. അവൻ (അല്ലാഹു) തന്റെ സന്ദേശവാഹകനെ അയിക്കേണ്ട ആവശ്യകതമനസ്സിലാക്കി. അവന്റെ ഖലീഫയെ ഭൂമയിലേക്കയച്ചിരിക്കുന്നു. ജനങ്ങൾക്ക് വഴികാണിച്ചുകൊടുക്കുവാനും നേർപാതയിലേക്ക് ജനങ്ങളെ മടക്കിക്കൊണ്ടുവരുവാനുമായി സർവ്വശക്തനായ അല്ലാഹു അവന്റെ സൃഷ്ടികളെ സ്നേഹിക്കുന്നു. വിശിഷ്യാ മനുഷ്യരാശിയെ ! അവനാണ് അവരെ അവന്റെ സത്തയിൽ നിന്നും സൃഷ്ടിച്ചത്. വിശുദ്ധ ഗ്രന്ഥങ്ങളിലും അവസാനഗ്രന്ഥമായ ഖുർആനിലും അവൻ വാഗ്ദാനം ചെയ്തതുപോലെ ജനങ്ങൾക്കിടയിലേക്ക് ഒരു മുന്നറിയിപ്പുകാരനെ നിയോഗിക്കാതെ അവൻ ജനങ്ങളെ ശിക്ഷിക്കാറില്ല. ദൈവീക സന്ദേശത്തെയും ദൈവദൂതനെയും ഈ ജനം ഗൗനിക്കുന്നില്ലെങ്കിൽ, ദൈവം എന്തിനാണ് ഇവരെ സംരക്ഷിക്കുന്നതിന് താൽപ്പര്യമെടുക്കുന്നത് ? അവന് നൽകിയ ഉത്തരവാദിത്വം അവൻ നിറവേറ്റണ്ടതല്ലേ ? ചെയ്യുന്നില്ല ! മാർഗ്ഗദർശനം നൽകി അവർ സ്വീകരിക്കുന്നില്ല ! അവർക്ക് നേർമാർഗ്ഗം കണ്ടെത്തുവാൻ കഴിയുമായിരുന്നു, അവനുമായി ചേർന്ന് നിൽക്കുവാൻ കഴിയുമായിരുന്നു, ചെയ്തില്ല!

ആയതിനാൽ എല്ലാം സൃഷ്ടിച്ചിരിക്കുന്നത് ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ്. വിശുദ്ധ ഖുർആനെ സൃഷ്ടിച്ചത് ദൈവത്തെ അറിയുന്നതിന് വേണ്ടിയാണ്. പരിണാമ പ്രക്രിയയിൽ ഒരു മൃഗത്തിനും മനുഷ്യനോളം വികാസം പ്രാപിക്കുവാൻ കഴിഞ്ഞിട്ടില്ല.

**സൃഷ്ടാവുമായി ബന്ധപ്പെടുന്ന ആദ്യത്തെ ജീവി മനുഷ്യനാണ്. നിങ്ങൾ മനസ്സിലാക്കണം ഞാൻ ദൈവവുമായി നേരിട്ട് ബന്ധപ്പെട്ടതിനുശേഷമാണ് ഇത് പറയുന്നത്. (അതായത് ദൈവീക വെളിപാടിലൂടെ) കഴിയുന്നതും ദൈവവുമായി ബന്ധപ്പെടാൻ പരിശ്രമിക്കണമെന്ന് വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. ഈ വഴിയിൽ കഠിനമായി യത്നിക്കുവാനും അത് ഉപദേശിക്കുന്നു. അങ്ങനെ അവന്റെ സാന്നിദ്ധ്യം നമുക്ക് അനുഭ**

**വിച്ചറിയുവാനായി. വിശുദ്ധ ഖുർ പറയുന്നു ഇതാണ് യഥാർത്ഥ സന്തോഷവും ആനന്ദവും! ദൈവം മഹത്വമുള ളവനാകുന്നു. അവന്റെ കൂടെ ചേരുമ്പോൾ നമ്മളും മഹത്വമുള്ളവരായി തീരുന്നതാണ്.**

**ഒരു രാജ്യത്തിന്റെ / ജനതയുടെ ഗുണം വർദ്ധിപ്പിക്കുവാനുള്ള വഴി അതിനെ / അവരെ ദൈവത്തി ലേക്ക് അടുപ്പിക്കുക എന്നതുമാണ്. കാരണം ദൈവം ജാതിക്കും വിഭാഗങ്ങൾക്കും വേർതിരിവുകൾക്കും അതീ തനാണ്. ദൈവവുമായി അടുത്തു നിൽക്കുന്നവർ , മനുഷ്യരോട് അനുകമ്പയുള്ളവരായിരിക്കും. ഇത്തരം ആളു കൾ വെളുത്തവരെന്നോ, കറുത്തുവരെന്നോ, വടക്കുള്ളവരെന്നോ, തെക്കുള്ളവരെന്നോ, കിഴക്കുള്ളവരെന്നോ, പടിഞ്ഞാറുള്ളവരെന്നോ വേർതിരിവു കാട്ടുകയില്ല.**

നിങ്ങൾക്ക് തരാനുള്ള സന്ദേശമിതാ. ഇപ്പോൾ മുതൽ നിങ്ങൾ പ്രവർത്തിച്ചു തുടങ്ങുക. നിങ്ങൾ സ്വയം സംസ്കരിക്കുവാൻ തയ്യാറാകുക. മനുഷ്യ സമൂഹത്തിനായി സ്നേഹത്തോടെ സേവനം ചെയ്യുക. ധാരാളമായി പ്രാർത്ഥിക്കുക. കാരണം ദൈവവുമായി ബന്ധപ്പെടുവാനുള്ള ഉറപ്പുള്ള വഴി പ്രാർത്ഥനാ മാത്ര മാണ്. നാം മനുഷ്യർ ബലഹീനരാണ്; എന്നാൽ നാം മനസ്സിലാക്കണം നമുക്ക് കഴിവുറ്റ ഒരു സൃഷ്ടാവ് ഉണ്ട് എന്ന് ! അവനിൽ ഭരമേൽപ്പിക്കുക. അവന്റെ വഴിയിൽ അത്യധ്വാനം ചെയ്യുക. നമുക്ക് അനേകം വിജയ ങ്ങൾ ആർജ്ജിക്കുവാൻ സാധിക്കും. ഞാനെന്ന ഭാവത്തിൽ നിന്നുള്ള വിജയം ! വികാരങ്ങളിൽ നിന്നുള്ള വിജയം ! നൈമിഷിക സുഖങ്ങളിൽ നിന്നുള്ള വിജയം ! തിന്മയ്ക്കെതിരിലുള്ള വിജയം ! ഇവയെല്ലാം നമുക്ക് ചുറ്റും നമുക്ക് കണ്ടെത്താൻ കഴിയും. ദൈവം എന്നെ അവന്റെ ദൂതനായി ഉയർത്തിയിരിക്കുകയാ ണ്. അവന്റെ ഖലീഫയായി അയച്ചിരിക്കുകയാണ്. എന്നിൽ ഏൽപ്പിച്ച ദൗത്യം എത്ര കഠിനതരമാണെങ്കിലും ഞാൻ പ്രതീക്ഷ വിടില്ല; ദൈവത്തിന്റെ സഹായം നാം ചോദിച്ചുകൊണ്ടിരിക്കുന്നിടത്തോളം നാം ഒരിക്കലും നിരാശപ്പെടുകയില്ല. അവൻ അനുകമ്പാപൂർവ്വം നമ്മുടെ പ്രാർത്ഥനകൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുവോളം! പ്രതീക്ഷ കൈവിടുക എന്നത് നമുക്ക് യോജ്യമല്ല. എന്നാൽ കാര്യങ്ങൾ വളരെ മോശമായി നീങ്ങിക്കൊണ്ടിരി ക്കുകയാണ്. ലോകം അതിന്റെ മയക്കത്തിൽ നിന്നുണരണം എന്നാണ് എന്റെ പ്രാർത്ഥന. കാരണം ഇസ്ലാം മാനവസമൂഹത്തെ ദൈവത്തിലേക്ക് ക്ഷണിക്കുന്നു. അവനുമുമ്പിൽ മനുഷ്യ സമൂഹം സകലതും സമർപ്പി ക്കണം; അവന്റെ സ്നേഹവും അവനോടുള്ള നന്ദിയും എന്നെന്നും എപ്പോഴും!

**ലോകം അപകടത്തിലാണ് ! മാനവസമൂഹം അപകടത്തിലാണ് ! ലോകജനതയെ രക്ഷിക്കുവാൻ കരു ണാനിധിയായ ദൈവത്തിലുള്ള വിശ്വാസവും, അവന്റെ നിലനിൽപ്പിലുള്ള ബോധവും നമുക്ക് എപ്പോഴും ഉണ്ടാക ണം. അല്ലയോ രക്ഷകനായ ദൈവമേ ! ഈ ലോകം ധാർമ്മികാധപതനത്താൽ നിന്റെ നിലനിൽപ്പിൽ സംശയ ത്തിൽ അകപ്പെട്ടിരിക്കുകയാണ്. നിന്നെ ഒഴിവാക്കുന്നതിനാണ് അവരുടെ അജ്ഞതമൂലം നൈമിഷികകാര്യ ങ്ങൾക്ക് അവർ മുൻഗണന നൽകുന്നത് ! അല്ലയോ രക്ഷകനായ ദൈവമേ ! അവരിൽ നീ കരുണ ചൊരിയേ ണമേ ! അവരുടെ കണ്ണുകളിൽ നിന്നും അജ്ഞതയുടെ മൂടുപടം നീക്കം ചെയ്യേണമേ! അങ്ങനെയായാൽ ഒടു വിൽ നിന്റെ യഥാർത്ഥ രൂപവും, നിന്റെ സ്നേഹവും നിന്റെ നിലനിൽപ്പും അവർക്കനുഭവവേദ്യമാകും! ഒടു വിൽ അവർ അവരുടെ ശരീരവും ആത്മാവും നിനക്കായി സമർപ്പിക്കും ! ഇൻശാ അല്ലാഹ് ആമീൻ !**


<u>Translated & Issued By</u>

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*